# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2214 06.10.2016-ലെ മറുപടിക്ക്

### നെയ്യാറ്റിൻകര മണ്ഡലത്തിലെ ഹയർ സെക്കണ്ടറി സ്കൂളുകൾ

| ചോദ്യം<br>ശ്രീ.കെ. ആൻസലൻ | ഉത്തരം<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) നെയ്യാറ്റിൻകര പെരുമ്പഴുതൂർ ഗവൺമെന്റ് സ്കൂളിൽ ഹയർ സെക്കണ്ടറി തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) ആരംഭിച്ചിട്ടില്ല. |
| (ബി) നെയ്യാറ്റിൻകര ഗവൺമെന്റ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ എസ്.പി.സി.-യുടെ അപേക്ഷ നല്കിയെങ്കിലും അനുമതി ഇതുവരെയും ലഭിച്ചിട്ടില്ല; ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കാമോ; | (ബി) പോലീസ് ആസ്ഥാനത്ത് 01.09.2016-ന് ചേർന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ പ്രോജക്ട് മാനേജ്മെന്റ് നോഡൽ കമ്മറ്റിയുടെ മീറ്റിങ്ങിൽ പുതുതായി സ്കൂളുകളിൽ എസ്.പി.സി പദ്ധതി അനുവദിക്കുന്നതിനാവശ്യമായ പ്രത്യേക ഫണ്ട് സർക്കാർ തലത്തിൽ നിന്നും അനുവദിക്കുന്ന മുറയ്ക്ക് ടി അപേക്ഷകൾ പരിഗണനയ്ക്കെടുക്കുവാനും നിലവിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ ജില്ലാ ഉപദേശ സമിതിയുടെ പരിശോധനയ്ക്കും ശുപാർശയ്ക്കും ശേഷം സർക്കാർ ഫണ്ട് അനുവദിക്കുകയാണെങ്കിൽ പരിഗണിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. പുതുതായി സ്കൂളുകളിൽ എസ്.പി.സി പദ്ധതി അനുവദിക്കുന്നതിനാവശ്യമായ ഫണ്ട് സർക്കാരിൽ നിന്നും അനുവദിക്കുന്ന മുറയ്ക്ക് നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ നെയ്യാറ്റിൻകര ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ പദ്ധതിയുടെ ജില്ലാ /സംസ്ഥാനതല ഉപദേശക സമിതി ശുപാർശ പ്രകാരം സർക്കാർ അനുവദിക്കുന്ന മുറയ്ക്ക് എസ്.പി.സിപദ്ധതി തുടങ്ങാവുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | മണ്ഡലത്തിലെ ഹയർ സെക്കണ്ടറി വി.എച്ച്.എസ്.സി. സ്കൂളുകളായ തിരുപുറം, പരണിയം, അയിര, കുളത്തൂർ സ്കൂളുകളിലെ ലാബ് സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ അടിയന്തരമായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | (സി) | പരണിയം, കുളത്തൂർ സ്കൂളുകളിലെ ലാബ് സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തിരുപുറം, അയിര എന്നീ സ്കൂളുകളിലെ ലാബ് സൗകര്യം വർദ്ധിപ്പിക്കുന്നതിന് ബഡ്ജറ്റ് വിഹിതം നിലവിൽ പര്യാപ്തമല്ല. |

**സെക്ഷൻ ഓഫീസർ.**